# പ്രമാണങ്ങൾക്ക് പുറകെ മുജാഹിദുകൾ പ്രമാണികൾക്ക് പുറകെ...?

അൻവർ അബൂബക്കർ

ആദർശത്തിലും പ്രവർത്തനത്തിലും വ്യക്തമായ രണ്ട് വ്യത്യസ്ത പ്രസ്ഥാനങ്ങളായി നിലകൊണ്ടിരുന്ന കെ.എൻ.എമ്മും മടവൂർ വിഭാഗവും സുമനസുകളുടെ ആശ കൊണ്ട് മാത്രം ഐക്യത്തിലെത്തുകയില്ല എന്ന് ഗീർവാണം മുഴക്കിയിരുന്ന സംഘടനാ ഭക്തരായ ആളുകളെ ഈയുള്ളവന് പരിചയമുണ്ട്. ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ള രാഷ്ട്രീയക്കാർക്ക് അവസരങ്ങൾക്കൊത്തുള്ള അലയൻസിനെപ്പറ്റി മാത്രമേ അറിയൂ എന്നും, ഭൗതിക താത്പര്യങ്ങൾക്ക് വേണ്ടി അവർക്ക് അത് അനിവാര്യമാണ് എന്നും, അതേ വഴിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന രണ്ടാംകിട നിലപാടുകാരാണ് മടവൂരികൾ എന്നും ചിത്രീകരിച്ചത് അതേ ആളുകൾ തന്നെയായിരുന്നു. ഇന്നിതാ പ്രമാണങ്ങൾ സ്വീകരിക്കാൻ വിമുഖത കാണിക്കുന്ന അവരെ കുറിച്ച് ആക്ഷേപിച്ചു സംസാരിക്കുമ്പോൾ മനസ്സിൽ വല്ലാതെ പൊള്ളുന്നവരായി അവരിൽ ചിലർ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ആദർശാധിഷ്ഠിത പ്രസ്ഥാനമായ നദ്‌വത്തിന്റെ ഒരു എളിയ പ്രവർത്തകൻ എന്ന നിലയിൽ പക്ഷെ, വ്യക്തിതാത്പര്യത്തിന്റെയും പ്രമാണീ പ്രീണനത്തിന്റെയും പേരിൽ മാത്രം ആദർശവിരുദ്ധ ചേരുവയുമായി സംഘടനാ നേതാക്കൾ രംഗത്ത് വരുമ്പോൾ അവരുമായി യോജിപ്പിലെത്താൻ ഒരു യഥാർത്ഥ മുജാഹിദിന് സാധ്യമല്ല. അതൊരു കടുംപിടുത്തമായി തോന്നുന്നുവെങ്കിൽ, സ്വന്തം ആദർശത്തെ സ്നേഹിക്കുന്ന ഏതൊരു സംഘത്തിലും, സംഘടനയിലും, ഒരു വ്യക്തിയാണെങ്കിൽ അയാളിൽ തന്നെയും കാണുന്ന നിഷ്കർഷയാണത്, പ്രമാണങ്ങളോടുള്ള ഹൃദയസ്പൃക്കായ സ്നേഹമാണത്. അതെല്ലാം മാറ്റിവെച്ചുകൊണ്ട് തനിക്ക് എഴുതുവാൻ പ്രചോദനം നൽകിയ ഗുരുനാഥൻമാരോടാണ് കൂറെങ്കിൽ, പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് ഭാഷണം മുഴക്കാൻ വ്യുൽപത്തി നേടിത്തന്നവരോടാണ് ആദർശബാന്ധവമെങ്കിൽ, പ്രസ്തുത നിലപാട് അങ്ങേയറ്റം അപകടമാണ്. 'ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്' എന്നു പരലോകത്ത് വിലപിക്കുന്ന ആളുകളുടെ സ്വഭാവമാണത്. മുടിപ്പള്ളി വാണിഭവും ശവകുടീര വ്യവസായവും ഉപയോഗപ്പെടുത്തി സമുദായത്തിന്റെ സ്ഥിതി അധോഗതിയായി മാറ്റുന്നവർ നവോത്ഥാനത്തിന്റെ പ്രശംസാപത്രം പോക്കറ്റടിക്കുന്നതിനേക്കാളും ദയനീയമാണ് മുവഹ്ഹിദുകളായ ആളുകളുടെ ആദർശത്തെ പോക്കറ്റടിച്ച് മുകല്ലിദുകളാക്കുന്നത്. ഇത് തീപന്തം കൈമാറലല്ല, തീ പന്ത് കൊണ്ടുള്ള കളിയാണ്!

മുജാഹിദ് പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിൽ ഈ രൂപത്തിലുള്ള ഒരു പ്രമാണീ പ്രീണനം സംഘടനാ നേതൃത്വത്തിൽ നിന്നും അനുഭവപ്പെട്ടിട്ടുണ്ടാകില്ല. ഇക്കഴിഞ്ഞ മുജാഹിദ് സംസ്ഥാന സമ്മേളന നഗരിയായ രാമനാട്ടുകരയിലെ അഴിഞ്ഞിലത്ത് അഴിഞ്ഞാടിയ അക്രമസംഭവങ്ങൾ ധനാഢ്യൻമാരുടെ അകമഴിഞ്ഞ സേവനങ്ങളിൽ ഒന്നു തന്നെ. ഈ രൂപത്തിൽ, അല്ല അതിലുപരിയായി, അല്ലാഹുവിന്റെ മതത്തെ ബഹുജനസമക്ഷം കരിവാരിത്തേക്കുന്നിടത്തേക്ക് ഇന്ന് കാര്യങ്ങൾ പ്രസ്ഥാന നേതാക്കൻമാർ എത്തിച്ചിരിക്കുന്നു. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവെന്ന സംഗതികൾ കേവലം അപകർഷതയുടെ പേരിൽ ബുദ്ധിക്കത്തിക്ക് ഇരയാക്കിക്കൊണ്ടിരിക്കുന്ന വർത്തമാനത്തിൽ, മുജാഹിദ് പ്രസ്ഥാനത്തിന്റെ

പണ്ഡിതൻമാർക്ക് പരിചയമില്ലാത്ത രീതിയിൽ പുതിയ വിചിന്തനം സംഘടനാഭക്തൻമാരെ വഴിനടത്തുമ്പോൾ, പാവപ്പെട്ട എത്രയെത്ര മുവഹ്ഹിദുകളാണ് ഇവരോടുള്ള വിശ്വാസത്തിന്റെ പേരിൽ ഇവരെ അന്ധമായി അനുകരിക്കുന്നത്. ഈ അനുകരണഭ്രമം നല്ലതല്ല എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ അതിനേക്കാൾ ഗൗരവമർഹിക്കുന്ന കാര്യമാണ് വിവരമുള്ള പണ്ഡിതൻമാർ സ്വാർത്ഥതൽപരരും ഭൗതികകാംക്ഷികളുമായ ആളുകൾക്ക് വേണ്ടി സത്യം മൂടിവെക്കുന്നതും, അസത്യത്തിന് പ്രോത്സാഹനം നൽകുന്നതും, തത്സംബന്ധമായി തഖ്ലീദിലേക്ക് ക്ഷണിക്കുന്നതും.

ജിന്നുകളോടുള്ള സഹായത്തേട്ടം ശിർക്കുള്ളതും ശിർക്കിലേക്കെത്തിക്കുന്നതുമുണ്ട് എന്ന് പ്രമാണങ്ങളുടെ പിൻബലത്തോടെ പഠിപ്പിച്ചത് സലഫി പണ്ഡിതൻമാരാണ്. കെ.ജെ.യുവിന്റെ നിർദ്ദേശപ്രകാരം ഇവ്വിഷയത്തിൽ ഒരു പഠനാർഹമായ പ്രബന്ധം തയ്യാറാക്കിയത് ബഹുമാന്യനായ ഫൈസൽ മുസ്ല്യാരും, ഇല്ലത്തിൽ കുടുങ്ങിയ മഹാനവറുകളും കൂടിയാണല്ലോ. അതിലും, മുമ്പ് സൂചിപ്പിച്ച സലഫീ പണ്ഡിതൻമാരുടെ അതേ വീക്ഷണം തന്നെയായിരുന്നു അന്തിമതീരുമാനമായി എത്തിച്ചേർന്നത്. എന്നാൽ അതിനെയെല്ലാം അട്ടിമറിച്ചുകൊണ്ട് ജിന്നും മലക്കും അഭൗതികമാണെന്നും അവരോടുള്ള ഏത് നിലക്കുള്ള സഹായത്തേട്ടവും ശിർക്കാണെന്നുമുള്ള അബ്ദുറ്ഹ്മാൻ സലഫിയുടെ നേതൃത്വത്തിലുള്ള പുതിയ കണ്ടെത്തൽ, തൗഹീദിന്റെ മാർഗത്തിൽ ജീവിതം മുഴുവനും സമർപ്പിച്ച, അതിന്റെ മേൽവിലാസത്തിൽ അറിയപ്പെട്ട, ഇന്ന് നമ്മുടെ കയ്യിലിരിക്കുന്ന തൗഹീദിന്റെ പ്രഭ കെടാതെ നമുക്ക് എത്തിച്ചുതന്ന നൂറുകണക്കിന് മുവഹ്ഹിദുകളെ അകാരണമായി ശിർക്ക് ആരോപിക്കുന്നതിലേക്കാണ് എത്തിച്ചിരിക്കുന്നത്. ഈ രൂപത്തിലുള്ള പുതിയ കണ്ടെത്തലുകൾ ഒട്ടും ആശാസ്യമല്ല, പ്രമാണങ്ങൾ അവഗണിച്ചുകൊണ്ട് അതിലേക്ക് ക്ഷണിക്കുന്നതും അതിന്റെ വക്താക്കളെ അനുകരിക്കുന്നതും ന്യായീകരിക്കാവുന്നതുമല്ല. എന്തുകൊണ്ടാണ് തൗഹീദ് പൊളിച്ചെഴുതാൻ ഈ രൂപത്തിലുള്ള പണ്ഡിതൻമാർ പ്രത്ക്ഷപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. അതിനുള്ള ഉത്തരമാണ് അമാനി മൗലവി(റഹി)യുടെ നിർമ്മലത്വമുള്ള ഈ വരികൾ: “അന്ധമായ ഈ അനുകരണ മഹാവ്യാധി പൂർവ്വാധികം പകരുക മാത്രമല്ല സമുദായത്തിൽ ചെയ്തിരിക്കുന്നത്. ഖുർആന്റെയും ഹദീസിന്റെയും അദ്ധ്യാപനങ്ങൾക്കു എതിരാണെന്നതിരിക്കട്ടെ, കഴിഞ്ഞുപോയ ഏതെങ്കിലും ഇമാമിന്റെ വാക്കുകളിൽപോലും കാണപ്പെടാത്ത പല പുതിയ മതവിധികളും സ്വാർത്ഥമതികളായ ചില പണ്ഡിതൻമാർ -ഒറ്റക്കായും -കൂട്ടായും നിർമ്മിച്ചുണ്ടാക്കിക്കൊണ്ടിരിക്കുന്നു! ഒരു വിഭാഗം തങ്ങളുടെ ജീവിതമാർഗ്ഗം നിലനിറുത്തുന്നതിനും, ജനമദ്ധ്യേ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണിതു ചെയ്യുന്നതെങ്കിൽ, വേറൊരു വിഭാഗം, കാലത്തിന്റെ ഒഴുക്കനുസരിച്ച് മതസിദ്ധാന്തങ്ങളിൽ ഒരു പൊളിച്ചെഴുത്തു നടത്തി ജനസമ്മതിയും കീർത്തിയും ലക്ഷ്യമാക്കിക്കൊണ്ടാണു ചെയ്യുന്നത്.”[1]

തഖ്ലീദുമായി ബന്ധപ്പെട്ടു കുറിച്ചിട്ട മേൽവരികൾ ഇന്ന് അധികമായ ഒരു വ്യാഖ്യാനവും കൂടാതെ തന്നെ നമ്മുടെ പ്രസ്ഥാനം ഹൈജാക്ക് ചെയ്ത പ്രധാനികളിൽ പ്രകടമായി കാണാവുന്നതാണ്. ഇസ്ലാമിക പ്രമാണങ്ങൾ മുമ്പിൽവെച്ചുകൊണ്ട് കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചപ്പോൾ, അതിന്റെ ഒന്നാം തിയ്യതി മുതൽ പരിചയമില്ലാത്ത ഒന്നായിരുന്നു അമാനി മൗലവി(റഹി) ഉണർത്തിയ ഈ മഹാവ്യാധി. പ്രമാണങ്ങൾ തകിടംമറിച്ചുകൊണ്ടുള്ള ഒരു കുപരിഷ്കരണ ചിന്ത ആദ്യമായി രൂപപ്പെടുത്തുക ഒരു വ്യക്തിയായിരിക്കുമല്ലോ. പിന്നീടായിരിക്കും അയാൾ തന്റെ ഈ പുതിയ നിയമത്തിലേക്ക് ആളുകളെ വശീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കുന്നതും അത് പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുന്നതും. അതിന്റെ അനന്തരഫലമാകട്ടെ, സത്യവിശ്വാസികളുടെ ഇടയിൽ വെറുപ്പും വിദ്വേശവും കുത്തിനിറക്കലും, പച്ചയായ പ്രബോധന പ്രവർത്തനങ്ങൾക്ക് തടയിടലും. അതിന്റെ ലാഭത്തിന്റെ മൊത്തം വിഹിതം പിശാചിനും അവന്റെ കിങ്കരൻമാർക്കും! ഇങ്ങനെയൊരു

[1] അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ അത്തൗബഃ 31-ാം ആയത്തിന്റെ വ്യാഖ്യാനം

രീതിശാസ്ത്രം ഏതായാലും പ്രവാചകനെ(സ)യും അദ്ദേഹത്തിന്റെ അനുചരൻമാരെയും പിന്തുടരലല്ല എന്ന് നിസ്സംശയം പറയാവുന്നതാണ്. എങ്കിൽപിന്നെ ഏത് കക്ഷികളുടേതാണ് ഈ കൃത്യം. അതിലേക്ക് അറിവ് നൽകുന്നതാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ ഈ പ്രസ്താവന: ‘‘അല്ലാഹുവിന്റെ ദീൻ വിശുദ്ധ ക്വുർആനിനാലും തിരുസുന്നത്തിനാലും ഇജ്മാഇനാലും സ്ഥാപിതമാണ്. ഇവ മൂന്നിലും പാപസുരക്ഷിതത്വമുണ്ട്. സമുദായം ഏതൊന്നിൽ ഭിന്നിച്ചുവോ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. ഈ സമുദായത്തിന് ഒരു വ്യക്തിയെ നിശ്ചയിച്ചുകൊണ്ട് ആ വ്യക്തിയുടെ ത്വരീക്വത്തിലേക്ക് ആളെ കൂട്ടാനും പ്രസ്തുത ത്വരീക്വത്തിന്റെ പേരിൽ സ്നേഹിക്കാനും വെറുക്കുവാനും ഒരാൾക്കും പാടുള്ളതല്ല. പ്രസ്തുത സമീപനങ്ങളെല്ലാം അല്ലാഹുവിന്റെ ഗ്രന്ഥത്തോടും തിരുസുന്നത്തിനോടും സ്ഥിരപ്പെട്ട ഇജ്മാഇനോടും മാത്രം. ബിദഈ കക്ഷികളുടേതാണ് പ്രസ്തുത നടപടി; അവർ തങ്ങൾക്ക് ഒരു വ്യക്തിയേയോ, ഒരു പ്രമേയത്തേയോ നിശ്ചയിക്കും. അതിലൂടെ അവർ സമുദായത്തിൽ ഛിദ്രതയുണ്ടാക്കും. വിശുദ്ധ ക്വുർആനിനേക്കാളും തിരുസുന്നത്തിനേക്കാളും അവർ തങ്ങൾ നിശ്ചയിച്ച വ്യക്തിയുടേയോ പ്രമേയത്തിന്റേയോ പേരിൽ സ്നഹവും വെറുപ്പും വെച്ചുപുലർത്തും.’’[2]

കേരത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് പരിശുദ്ധ ക്വുർആനും തിരുസുന്നത്തും സലഫുകളുടെ മൻഹജിന്റെ അടിസ്ഥാനത്തിൽ പഠിപ്പിക്കുവാൻ രൂപീകരിച്ച പ്രസ്ഥാനമാണ് കേരള നദ്‌വത്തുൽ മുജാഹിദീൻ. അങ്ങനെയുള്ള ഈ മുജാഹിദ് പ്രസ്ഥാനത്തെ പൂർണ്ണമായും കയ്യിലൊതുക്കാൻ വേണ്ടി ‘യാ ഇബാദല്ലാഹ്...’ എന്ന ദുർബലമായ ഹദീഥ് ആസൂത്രിതമായി ദുരുപയോഗം ചെയ്യുകയാണ് ലൗകികഭ്രമം ബാധിച്ച ഒരു കൂട്ടം ആളുകൾ ചെയ്തത്. മരിച്ചുപോയവരും ‘രിജാലുൽ ഗൈബി’ൽപെട്ടവരുമായ മഹാത്മാക്കളോട് സഹായം ചോദിക്കാൻ ഈ ഹദീഥ് തെളിവ് പിടിക്കാറുള്ള ക്വുബൂരികളോട്, പ്രസ്തുത വിളികൊണ്ട് ഉദ്ദേശിക്കുന്നത് സമീപത്തുള്ള, ജീവിച്ചിരിപ്പുള്ള, കഴിവുനൽകപ്പെട്ട മലക്കും ജിന്നുമാണ് എന്നതായിരുന്നു നാളിതുവരെ ക്വുറാഫികൾക്കു സലഫികൾ നൽകി വരാറുള്ള ഖണ്ഢനം. ലോകത്ത് കഴിഞ്ഞുപോയ ഒരൊറ്റ സലഫീ പണ്ഡിതനും ഈ ഒരു ഹദീഥിന്റെ മത്നിൽ (ഉള്ളടക്കത്തിൽ) ശിർക്കുണ്ട് എന്ന് അഭിപ്രായപ്പെട്ടിട്ടില്ല. എന്നാൽ സലഫീ മൻഹജ് എന്നത് ഒരു മൂർഖൻ പാമ്പാണ് എന്ന് ധരിച്ചുവെച്ച ചിലർ സലഫുകളുടെ തൗഹീദിൽ നിന്നും നമ്മെ തെറ്റിക്കുന്ന രൂപത്തിൽ അത് ശിർക്കാണ് എന്ന് പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെട്ടാൽ, ഒന്നും പരിശോധിക്കാതെ അത് അംഗീകരിക്കാൻ മുഖല്ലിദുകൾക്കല്ലാതെ ആർക്കാണ് സാധിക്കുക. അല്ലാഹുവിന്റെ മതത്തിൽ നിയമനിർമ്മാണാധികാരം അത് അഭിപ്രായപ്പെടുന്ന വ്യക്തിക്കൊ, അതല്ല ഒരു സംഘത്തിനോ വകവെച്ചുകൊടുത്തവരല്ലല്ലോ മുജാഹിദുകൾ. നമ്മുടെ പണ്ഡിതൻമാരാകട്ടെ തഖ്‌ലീദ് എന്ന ഈയൊരു അന്യായത്തെ അതിശക്തമായി എതിർത്തിട്ടുള്ളതാണ് എന്നതിന് മുജാഹിദുകൾ തന്നെ പുറത്തിറക്കിയ ധാരാളം പ്രസിദ്ധീകരണങ്ങൾ സാക്ഷ്യമാണ്. അതിന്റെ ഉദാഹരണമാണ് കെ.പി.(റഹി)യും ഏ.പി.യും ചേർന്നെഴുതിയ കേരള നദ്‌വത്തുൽ മുജാഹിദീൻ പുറത്തിറക്കിയ തക്‌ലീദ് ഒരു പഠനം എന്ന മഹത്ഗ്രന്ഥം. അതിൽനിന്നുള്ള ഒരു ഭാഗം കേട്ടോളൂ: ‘‘ഏതെങ്കിലും ഒരു വ്യക്തി അഭിപ്രായപ്പെടുന്നു എന്ന ഏക കാരണത്താൽ ഒരു കാര്യത്തെ മതനിയമമായി സ്വീകരിക്കുന്നതിനാണല്ലോ വ്യക്തികളെ തക്‌ലീദ് ചെയ്യൽ എന്ന് പറയുന്നത്. ഇത് ഒരിക്കലും മതത്തിൽ അനുവദനീയമല്ല. എന്തു കൊണ്ടന്നാൽ മതനിയമം നിശ്ചയിക്കുവാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അധികാരമില്ല. അവന്റെ കൽപന മാത്രമേ മനുഷ്യൻ മതനിയമമായി അംഗീകരിക്കേണ്ടതുള്ളൂ. അവൻ തന്റെ നിയമങ്ങൾ പ്രവാചകൻ മുഖേനയാണ് ജനങ്ങൾക്കെത്തിച്ചുകൊടുക്കുന്നത്. അതുകൊണ്ട് പ്രവാചക വചനങ്ങളും മതനിയമങ്ങൾതന്നെ. അതുകൊണ്ട് ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ച മതനിയമം ഇന്നതാണെന്ന് ആര് പറയുകയാണെങ്കിലും അതിന് തെളിവെന്തെന്ന് അറിഞ്ഞശേഷം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. തക്‌ലീദുകാരൻ ഇതിന് വിപരീതമായാണ് പ്രവർത്തിക്കുന്നത്. അയാൾ തെളിവുകൂടാതെ തന്നെ

[2] ഇബ്നുതൈമിയ്യ (റഹി), മജ്മൂഅ് ഫതാവാ 20/164

പ്രസ്തുത വ്യക്തിയുടെ അഭിപ്രായത്തെ മതനിയമമായി സ്വീകരിക്കുന്നു. അതുകൊണ്ടാണ് തക്‌ലീദ് ഇസ്‌ലാമിക ദൃഷ്ട്യാ അനുവദനീയമല്ലാതായിത്തീരുന്നതും."[3]

സമ്പത്തും സ്വാധീനവും ആരോഗ്യവും അല്ലാഹു നൽകിയതിന് ശേഷവും സത്യത്തെ ധിക്കരിച്ച പ്രമാണിവർഗങ്ങൾ ഭൂലോകത്ത് കഴിഞ്ഞ് പോയതിന്റെ ചരിത്രം പ്രമാണങ്ങൾ സംസാരിക്കുന്നുണ്ട്. അബലരും നിർധനരുമായ സത്യവിശ്വാസികളെ എക്കാലഘട്ടത്തിലും ചില ഭൗതികഭ്രമം പിടിച്ച പണ്ഡിതരെ ഉപയോഗപ്പെടുത്തി ആ പ്രമാണിമാർ ഉപദ്രവിച്ചിട്ടുമുണ്ട്. എന്നാൽ അവരെയെല്ലാം അതിജയിക്കാനുള്ള അവസരം അല്ലാഹു നൽകിയത് സത്യവിശ്വാസികൾക്കാണ്. ഒരൊറ്റ ആയുധം കയ്യിൽ ഉള്ളത് കൊണ്ടുമാത്രമാണ് അതിനവർക്ക് സാധിച്ചത്. ആ ആയുധമാണ് പ്രമാണബദ്ധിതമായ ആദർശം. അത് ആരുടെയും മുമ്പിൽ പണയംവെക്കാതിരിക്കാനുള്ള നെഞ്ചുറപ്പാണ് ആദർശസ്നേഹികൾ സ്വീകരിക്കേണ്ടത്. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിന്റെ നവോത്ഥാന ചരിത്രം ആദരപൂർവ്വം സ്മരിക്കുന്ന മക്തിതങ്ങൾ, വക്കം അബ്ദുൽഖാദിർ മൗലവി, കെ.എം.മൗലവി, വെട്ടം അബ്ദുല്ല ഹാജി, ഉമർ മൗലവി, കെ.പി മുഹമ്മദ് മൗലവി എന്നിങ്ങനെയുള്ള മഹത് വ്യക്തിത്വങ്ങൾ തുടങ്ങി ഇന്ന് ജീവിച്ചിരുപ്പുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നിന്ന് പീഢനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന ഭൂരിപക്ഷം പണ്ഡിതൻമാരും അനുയായികളും ഭൗതികതക്ക് മുമ്പിൽ ആദർശം പണയംവെക്കാൻ ശീലിച്ചവരല്ല. അതുകൊണ്ടുതന്നെ ഞങ്ങൾ മുജാഹിദുകൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നെഞ്ചിനും നട്ടെല്ലിനും എന്നുമാത്രമല്ല, ബുദ്ധിക്കും ആദർശപരമായ ഉറപ്പ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. അൽഹംദുലില്ലാഹ്! അതില്ലാത്തവർക്കാണ്, സ്വഹീഹായ ഹദീഥുകൾ ദുർവ്യാഖ്യാനിക്കേണ്ടതും, ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയം കളിക്കേണ്ടിയും വരുന്നത്. ആദർശം കൈമോശംവന്ന, സത്യം തുറന്ന് പറയാൻ വിസമ്മതിക്കുന്നവർ മത്രമാണ് ഒടുക്കം അല്ലാഹു നിരോധിച്ച തഖ്‌ലീദ് ആയുധമാക്കി അനുയായികളെ തേടിപോകേണ്ടി വരുന്ന ഗതികേടിൽ എത്തുന്നത്. മതത്തിൽ യാതൊരു നിലക്കും അനുവദനീയമല്ല എന്ന് മുജാഹിദുകൾ പലവുരു പറഞ്ഞ ഈയൊരു അനുകരണനജ്വരത്തെയാണ് ഇന്ന് പ്രസ്ഥാനത്തിന്റെ അധികാരനേതൃത്വം ത്രസിപ്പിച്ച കരുത്തിൽ ചിലർ പൊതുജനസമക്ഷം നിവർത്തിപ്പാൻ ശ്രമിക്കുന്നത്. അതിനാകട്ടെ കൂട്ട് പ്രമാണമില്ലാത്ത പ്രമാണിമാരും!

പ്രബോധനത്തിൽ പൊതുതാത്പര്യമേഖലക്ക് പ്രാധാന്യം നൽകുന്നവരെന്ന്, ബുഖാരിയിലും മുസ്‌ലിമിലും സംശയം ജനിപ്പിക്കുന്നവരെന്ന്, സ്വഹീഹായ ഹദീസുകളെ സ്വീകരിക്കാൻ വിമുഖത കാണിക്കുന്നവരെന്ന്, അമുസ്‌ലിം ആഘോഷങ്ങളിൽ പങ്കെടുക്കുവാനുള്ള ഫത്‌വകൾ നൽകിയവരെന്ന്, സംഗീതത്തിൽ മുങ്ങിക്കുളിച്ചവരെന്ന്, അഭിനയ രംഗത്തും അരങ്ങേറ്റം കുറിച്ചവരെന്ന്, സലഫുകളുടെ മൻഹജിനെ പരിഹസിച്ചവരെന്ന് നമ്മുടെ പ്രസ്ഥാനത്തിന്റെ പ്രബോധന വേദികളിൽ നിന്നും നിരന്തരം ആക്ഷേപിക്കപ്പെട്ട മടവൂരികളുമായി ഒരു ലയനത്തിന് തയ്യാറായികൊണ്ട് ചർച്ചകൾ നടത്തിയ പ്രസ്ഥാന നേതാക്കൻമാർക്ക് ആദർശത്തോടുള്ള പ്രതിബദ്ധത എത്രത്തോളമുണ്ട് എന്ന് മുജാഹിദ് കേരളം ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. മാത്രമല്ല, നമ്മൾ മുജാഹിദുകളെ കുറിച്ച് നവയാഥാസ്ഥികർ, നവഖുറാഫികൾ, ജിന്നുസേവകർ, പല്ലിവധക്കാർ, അന്ധവിശ്വാസ പ്രചാരകർ, ജിന്നൂരികൾ എന്നിങ്ങനെ ശരിയുടെ ഒരംശംപോലും തൊട്ടുതീണ്ടാത്ത ആരോപണങ്ങളുമായി നമുക്ക് നേരെ കിട്ടുന്ന സന്ദർഭങ്ങളിലെല്ലാം ആരോപണമുന്നയിച്ചവരാണ് അതേ മടവൂരികൾ. ആ മടവൂരികൾ എറിഞ്ഞ ഓരോ കല്ലും പറുക്കിയെടുത്ത് കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയുന്ന നമ്മുടെ ചില പ്രസ്ഥാന നേകാക്കൻമാർ ആണ്ടുകളോളം പണിയെടുത്ത് പടുത്തുയർത്തിയ ആദർശ കെട്ടിടത്തിനു തന്നെയാണ് ദോഷം വരുത്തുന്നത്. അല്ലാഹുവോടുള്ള തൃപ്തി വിസ്മരിച്ചുകൊണ്ടും പ്രമാണിമാരോടുള്ള തൃപ്തി സാക്ഷാത്കരിച്ചുകൊണ്ടും ഇവർ ഇന്ന് നടത്തുന്ന ഈ ക്രൂരകൃത്യം എന്തുകൊണ്ടും ആക്ഷേപാർഹം തന്നെ.

[3] കെ.പി. മുഹമ്മദ് ബിൻ അഹ്മദ്, എ.പി. അബ്ദുൽ ഖാദിർ മൗലവി, തക്‌ലീദ് ഒരു പഠനം പേജ് 61

ക്വുർആനും സുന്നത്തും യഥാവിധി ഉൾകൊണ്ടും പ്രബോധനം നിർവ്വഹിച്ചും കഴിയുന്നവർക്കിടയിൽ പരസ്പര സ്നേഹം ഉടലെടുക്കുന്നത് അല്ലാഹുവിന്റെ അനുഗ്രം ഒന്നുകൊണ്ട് മാത്രമാണ്. അതാണ് മുജാഹിദുകൾക്കിടയിൽ നാം കണ്ടുകൊണ്ടിരുന്ന എന്തെന്നില്ലാത്ത പരസ്പരസ്നേഹം. ഏതെങ്കിലും പണ്ഡിതൻമാരോടും നേതാക്കൻമാരോടും മുജാഹിദുകൾ പ്രത്യേകമായ സ്നേഹം വെച്ചുപുലർത്തിയിട്ടുണ്ടെങ്കിൽ, അറിയുക അത് ആദർശത്തിന്റെ പേരിൽ ഉടലെടുത്തതാണ്. നല്ല ചുറുചുറുക്കും തന്റേടവുമുള്ള പ്രാസംഗികൻമാർ പ്രബോധന വേദികളിൽ പ്രത്യക്ഷപ്പെട്ടാൽ, അവിടെ അറബിക് കോളേജുകളിൽനിന്ന് കുട്ടികളെ ഇറക്കാതെയും, സൗജന്യ വാഹന സൗകര്യം ഏർപ്പെടുത്താതെയും ദീനീസ്നേഹികൾ തിങ്ങികൂടുന്നത് തന്റെ വാക്ക് സാമർത്ഥ്യത്തിന്റെ മിടുക്കും എല്ലാവരെയും അതിജയിക്കാനുള്ള വാചാലതയുമാണ് എന്ന് തെറ്റിദ്ധരിച്ചതാണ് പലയാളുകൾക്കും ഇന്ന് വിനയായത്. വാസ്തവത്തിൽ ആ വ്യക്തിക്ക് കിട്ടിയ സ്നേഹവും സ്വീകാര്യതയും അല്ലാഹുവിന്റെ ദീനിന്റെ പേരിൽ അവനിൽനിന്നുള്ള കരുണാകടാക്ഷ മായിരുന്നു.

അബൂഹുറയ്റ (റ) നിവേദനം, നബി(സ) പറഞ്ഞു: "ഏതെങ്കിലുമൊരു ദാസനെ അല്ലാഹു ഇഷ്ടപ്പെടുന്നുവെങ്കിൽ ജിബ്രീലിനെ വിളിച്ചുകൊണ്ട് പറയും: 'ഞാനിതാ ഇന്ന ദാസനെ ഇഷ്ടപ്പെടുന്നു. നീയും അവനെ ഇഷ്ടപ്പെടുക.' അപ്പോൾ ആ വ്യക്തിയെ ജിബ്രീൽ ഇഷ്ടപ്പെടുകയും വാനലോകവാസികളെ വിളിച്ചുകൊണ്ട് 'അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെട്ടിരിക്കുന്നു നിങ്ങളും അവനെ ഇഷ്ടപ്പെടുക എന്ന് ആഹ്വാനം നടത്തുകയും ചെയ്യും. അപ്പോൾ അവരെല്ലാവരും ആ വ്യക്തിയെ സ്നേഹിക്കുന്നതാണ്. പിന്നെ അയാൾക്ക് ഭൂമിയിൽ സ്വീകാര്യത നൽകപ്പെടുന്നു."[4]

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവൃത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് പരമകാരുണികനായുള്ളവൻ സ്നേഹം ഏർപ്പെടുത്തിക്കൊടുക്കും എന്ന പരിശുദ്ധ ക്വുർആനിന്റെ പ്രഖ്യാപനം[5] തിരിച്ചറിയാൻ ഈ കൂട്ടർക്ക് സാധിച്ചില്ല എന്നതാണ് സത്യം. അല്ലാഹുവിന്റെ ഈ വചനം ഓതിക്കൊണ്ടാണ് നബി(സ) മുകളിൽ ഉദ്ധരിച്ച ഹദീഥ് സ്വഹാബികളെ പഠിപ്പിക്കുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. വിശ്വാസ കർമ്മരംഗങ്ങൾ വെറും അധ്യാപനങ്ങളിൽ ഒതുങ്ങുകയും, പ്രായോഗികരംഗത്ത് പ്രമാണിവർഗത്തിന്റെ തൃപ്തിക്ക് പുറകെ പോകുകയും, സകല കുത്തിതിരുപ്പുകൾ ഉണ്ടാക്കുന്നവർക്ക് സർവ്വവിധ പിന്തുണയും നൽകുകയും ചെയ്യുന്നവർക്ക് അനുഭവിക്കാൻ കഴിയുന്ന ഒന്നല്ല അല്ലാഹുവിന്റെയും മലക്കുകളുടെയും ആ സ്നേഹം, ഒപ്പം ഭൂമിയിൽ ലഭിക്കാനുള്ള സ്വീകാര്യതയും. ഇത്തരം ആളുകൾക്ക് അല്ലാഹുവിന്റെയും ജനങ്ങളുടെയും കോപമായിരിക്കും പരിണിതഫലം.

ആയിശ(റ)യിൽനിന്ന് നിവേദനം, നബി(സ) പറഞ്ഞു: "ഒരാൾ അല്ലാഹുവിന്റെ തൃപ്തി തേടി; ജനങ്ങളുടെ അതൃപ്തി വകവെക്കാതെ എങ്കിൽ അല്ലാഹു അയാളെ തൃപ്തിപ്പെടുകയും ജനങ്ങളുടെ തൃപ്തി അയാൾക്ക് നേടികൊടുക്കുകയും ചെയ്യും. ഒരാൾ ജനങ്ങളുടെ തൃപ്തി തേടി; അല്ലാഹുവിന്റെ കോപം വകവക്കാതെ, എങ്കിൽ അല്ലാഹു അയാളോട് കോപിക്കുകയും ജനങ്ങളുടെ കോപം അയാൾക്ക് നേടികൊടുക്കുകയും ചെയ്യും."[6]

അല്ലാഹുവിനെ മാത്രം ഭയക്കുകയും അവന്റെ തൃപ്തിമാത്രം കാംക്ഷിക്കുകയും ചെയ്യേണ്ടുന്ന അവസ്ഥ വിശ്വാസികളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതുണ്ട് എന്നത് മുകളിലെ ഹദീഥ്

---

[4] ബുഖാരി, മുസ്ലിം

[5] ക്വുർആൻ 19:96

[6] സ്വഹീഹു ഇബ്നി ഹിബ്ബാൻ

അറിയിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി വകവെക്കാതെ, ഇതരരുടെ തൃപ്തി പ്രതീക്ഷിച്ചുകൊണ്ട് ആരുതന്നെ ഇറങ്ങിപുറപ്പെട്ടാലും അല്ലാഹുവിന്റെ പ്രവാചകൻ(സ) മുകളിൽ സൂചിപ്പിച്ച അവസ്ഥ നിസ്സംശയം അവന് നേരിടേണ്ടിവരും. ജനങ്ങളുടെ കോപവുമായി ബന്ധപ്പെട്ട അതിന്റെ പ്രായോഗിക രൂപങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നത് ഇന്ന് നമ്മൾ നേരിൽ കണ്ടുകൊണ്ടിരിക്കുകയാണ്. പ്രമാണങ്ങൾ ഇകഴ്ത്തിക്കൊണ്ട് നൂതനവാദങ്ങൾ സ്ഥാപിക്കാൻ ആരുതന്നെ രംഗത്ത് വന്നാലും അല്ലാഹുവിന്റെ കിത്താബിനോടും അവന്റെ പ്രവാചക(സ)ന്റെ സുന്നത്തുകളോടും നിസ്സാർത്ഥമായ സമീപനം വെച്ചുപുലർത്തുന്ന വിശ്വാസികൾക്ക് അതിനെ പ്രമാണബദ്ധമായി നെഞ്ചുറപ്പോടെ പ്രതിരോധിക്കേണ്ടിവരും. അല്ലാഹുവിന്റെ പ്രവാചകൻ(സ) ഏൽപിച്ച പ്രബോധന ദൗത്യം കൃത്യമായി നിർവ്വഹിച്ചു കൊണ്ടിരിക്കുന്നതിനിടയിലാണ്, നമ്മുടെ പ്രവർത്തനങ്ങളെ തച്ചുടക്കുന്ന രൂപത്തിൽ, സംഘടനാ സംവിധാനത്തെ മൊത്തത്തിൽ ശിഥിലീകരിക്കാനുള്ള ശ്രമവുമായി പ്രമാണിമാരുടെ ഒത്താശയോടെ ചിലർ രംഗത്തു വരുന്നത്. എല്ലാം അടക്കിഭരിക്കാനുള്ള നേതൃത്വമോഹവും, അണികളെ ചൊൽപടിക്ക് നിർത്താനുള്ള അക്രമവാസനയും, കാര്യങ്ങൾ തകിടം മിറക്കാനുള്ള കുബുദ്ധിയും ഇല്ലാതെ തന്നെ ഇത്തരം മാലിന്യങ്ങളെ പ്രമാണത്തിന്റെ കരുത്തിൽ സ്ഥൈര്യത്തോടെ നേരിടാനാകും. ഇത് ഇസ്‌ലാമിക ചരിത്രം നൽകുന്ന പാഠമാണ്. പക്ഷെ, വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് അതിന്റെ വഴിയിൽ സ്വീകരിക്കുന്ന ഭാഷയും ശൈലിയും ചിലപ്പോൾ അൽപം പരുഷമായെന്നു വന്നേക്കാം. ചില സന്ദർഭങ്ങളിൽ അത് ഒഴിച്ചുകൂടാനാകാത്തതാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെ താഴെയുള്ള വരികൾ അതിന്റെ അനിവാര്യതയാണ് സൂചിപ്പിക്കുന്നത്:

‘‘ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് രണ്ട് കൈകൾ പോലെയാണ്. അവയിലൊന്ന് മറ്റേതിനെ കഴുകുന്നു. അല്പം പരുഷത കാണിക്കാതെ മാലിന്യത്തെ ഇളക്കി കളയാനാവില്ല. കാരണം, വൃത്തിയും വെടിപ്പും ഉണ്ടാകുന്നതിന് അത് അനിവാര്യമാണ്; ആ പരുഷത അവിടെ പ്രശംസനീയവുമാണ്’’[7]

അല്ലാഹുവിന്റെ ദീനിനെ കലർപ്പില്ലാതെ ജനസമക്ഷം അവതരിപ്പിക്കാനുള്ളതാണ്. അതിന് കേടുപാടുകൾ വരുത്താൻ ശ്രമിക്കുന്നവരെ പ്രമാണങ്ങളുപയോഗിച്ച് നേരിടേണ്ടവരാണ് ആദർശ പ്രതിബദ്ധതയുള്ള മുജാഹിദുകൾ. പ്രമാണിമാരെ പ്രമാണങ്ങളുടെ പുറകെ വഴിനടത്താൻ ശീലിപ്പിച്ച മുജാഹിദ് പ്രസ്ഥാനത്തിന്, ക്വുർആനും സുന്നത്തും സലഫുകളുടെ മൻഹജ് പ്രകാരം മലയാളക്കരയിൽ പരിചയപ്പെടുത്താൻ അല്ലാഹുവിന്റെ തൗഫീഖോടെ ഇനിയും സാധിക്കേണ്ടതുണ്ട്. പ്രമാണിമാരുടെ പിൻബലത്തോടെ തൗഹീദ് അട്ടിമറിച്ചും സലഫി മൻഹജിന്റെ അടിവേര് അറുത്തുമുറിച്ചും പുതുതായി ഒരു മരം നട്ടുവളർത്താനുള്ള പരിശ്രമത്തിലാണ് ഇന്ന് ഒരു കൂട്ടർ. അല്ലാഹുവിന്റെ മാർഗത്തിൽ, ശക്തമായ പ്രബോധന പ്രവർത്തനങ്ങൾ വഴി, അതിന്റെ അടിത്തറ വേരോടെ പിഴുതെടുക്കാൻ ധീരമുജാഹിദുകൾക്ക് കഴിയേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ അടിയാധാരം സംരക്ഷിക്കേണ്ട, അല്ല സംരക്ഷിക്കുന്ന തിരക്കിലാണ് ഇന്ന് മുജാഹിദുകൾ. അട്ടിമറിസംഘമാകട്ടെ വസ്തുവകകളുടെ അടിയാധാരം സ്വരൂപിക്കുന്നതിന്റെ തിരക്കിലും!!!

കേരളത്തിലെ മുസ്‌ലിം സമുദായത്തിനകത്തും പുറത്തുമുള്ള അനേകായിരം ജനങ്ങൾ ഇപ്പോഴും പച്ചയായ ശിർക്കിലാണ് ജീവിതം മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ കൺമുമ്പിൽ കാണുന്ന ഇത്തരം വ്യക്തമായ തിന്മകൾ വിരോധിക്കാൻ സമയം ചിലവഴിക്കുന്ന ഒരു വലിയ വിഭാഗത്തെയാണ് സാങ്കൽപികവും നിർമ്മിതവുമായ മസ്അലകളുടെ പുറകെ തിരിച്ചുവിടുന്നത്, തമ്മിൽ തല്ലിപ്പിക്കുന്ന തരത്തിലേക്ക് നീങ്ങാനുള്ള പ്രേരണകൾ നൽകുന്നത്. ഈ രൂപത്തിലുള്ള ഒരു ഫിത്നയിലേക്ക് മുജാഹിദ് പ്രസ്ഥാനത്തിന്റെ അണികളെ കൊണ്ടെത്തിച്ചതിൽ അതിന്റെ

[7] മജ്മൂഉ ഫതാവാ 28:53

നായകൻമാർക്ക് വ്യക്തമായ പങ്കുണ്ടെന്നത് മറച്ചുവെക്കാൻ കഴിയുന്ന ഒന്നല്ല. ഇനിയെങ്കിലും ഈ പരീക്ഷണത്തിൽനിന്ന് ഒരു മോചനം മുജാഹിദ് കേരളം ആഗ്രഹിക്കുന്നുണ്ട് എങ്കിൽ, അതിന്റെ പുറകിൽ അള്ളിപിടിച്ചിരിക്കുന്ന കീടങ്ങളെ പ്രസ്ഥാനത്തിന്റെ പുറത്തേക്കെടുത്തെറിയേണ്ടതുണ്ട്. അതിന്റെ ഗൗരവവും ആവശ്യകതയും വ്യക്തമാക്കുന്നതാണ് സൂറഃ അൻഫാലിലെ 25-ാം സൂക്തം വിശദീകരിച്ചു കൊണ്ടുള്ള അമാനി മൗലവി(റഹി)യുടെ ഈ വരികൾ: ''ഒരു വ്യക്തിയുടെയോ, വിഭാഗത്തിന്റെയോ വാക്കിലോ പ്രവൃത്തിയിലോ വന്നുപോകുന്ന പാകപ്പിഴവു നിമിത്തം ഒരു കുടുംബമോ, സമൂഹമോ, ഒരു രാഷ്ട്രം തന്നെയോ ആപത്തിലും കുഴപ്പത്തിലും അകപ്പെട്ടേക്കും. അതുപോലെത്തന്നെ, ഒരു ജനതയിലെ പ്രധാനികൾ തോന്നിയവാസത്തിലും ദുർമാർഗ്ഗത്തിലും മുഴുകുമ്പോൾ ആ ജനത അല്ലാഹുവിൽനിന്നുള്ള ചില പരീക്ഷണങ്ങൾക്കു വിധേയരാകുന്നു. ഈ അവസരത്തിൽ ആ സമൂഹത്തിലെ നിരപരാധികളായ ആളുകളെ ഒഴിവാക്കിക്കൊണ്ട് അപരാധികൾ മാത്രം ആ ശിക്ഷണ പരീക്ഷണങ്ങൾക്കു വിധേയരായിരിക്കയില്ല. അതുകൊണ്ട് അത്തരം പൊതുവായ ഭവിഷ്യത്തുകൾക്കു കാരണമാകത്തക്ക അക്രമങ്ങളെ എല്ലാവരും സൂക്ഷിക്കണമെന്നും, അത്തരം അക്രമകാരികളെ കഴിവതും തടയുവാൻ ശ്രമിക്കേണ്ടതുണ്ടെന്നും, ഇല്ലാത്ത പക്ഷം, ആപത്തു വരുമ്പോൾ അതു കൂട്ടത്തോടെ ബാധിച്ചേക്കുമെന്നും അല്ലാഹു സത്യവിശ്വാസികളെ താക്കീത് ചെയ്യുന്നു. ഈ വചനത്തിലടങ്ങിയ ആശയത്തിലേക്കു വെളിച്ചം നൽകുന്ന പല ഹദീസുകളുമുണ്ട്....... നുഅ്മാനുബ്നു ബശീർ(റ) ഒരു പ്രസംഗത്തിൽ പറഞ്ഞുകേട്ടതായി ആമിർ(റ) ഉദ്ധരിച്ച ചില വാക്യങ്ങളുടെ സാരം ഇങ്ങിനെയാകുന്നു: 'അല്ലാഹുവിന്റെ നിയമാതിർത്തികൾ പാലിക്കുന്നവരുടെയും, പാലിക്കാത്തവരുടെയും, അവയിൽ മിനുക്കുനയം സ്വീകരിക്കുന്നവ രുടെയും ഉപമ, ഒരു കപ്പലിലെ യാത്രക്കാരുടേതുപോലെയാകുന്നു. സൗകര്യങ്ങൾ കുറവായ അതിലെ അടിത്തട്ടാണ് ചിലർക്കു ലഭിച്ചത്. ചിലർക്കു മുകളിലെ തട്ടും. അങ്ങനെ, താഴെ തട്ടിലുള്ളവർ വെള്ളമെടുക്കുവാൻ മുകളിലുള്ളവരുടെ ഇടയിലൂടെ വന്നുപോകുന്നതു അവർക്കു ശൈ്വരക്കേടായി. അപ്പോൾ ഇവർ പറഞ്ഞു: നാം നമ്മുടെ ഓഹരിയിൽ (അടിത്തട്ടിൽ) ഒരു ഓട്ടയുണ്ടാക്കി അതിലൂടെ വെള്ളമെടുക്കുക. അങ്ങനെ നമുക്കു മുകളിലുള്ളവരെ ഉപദ്രവിക്കാതിരിക്കാം. ഈ അവസരത്തിൽ അവരെ അവരുടെ പാട്ടിനു വിട്ടാൽ കപ്പലിലുള്ളവരെല്ലാംതന്നെ നശിക്കും. അവരുടെ കൈക്കു പിടിച്ചാൽ എല്ലാവരും രക്ഷപ്പെടുകയും ചെയ്യും.' (അ; ബു; തി)''[8]

അല്ലാഹുവേ, ഇസ്‌ലാമിക പ്രമാണങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് കേരളത്തിൽ മുജാഹിദുകൾ നടത്തിവരുന്ന പ്രബോധന പ്രവർത്തനങ്ങൾക്ക് തടയിട്ടുകൊണ്ട്, അതിന്റെ ആദർശം വഹിക്കുന്ന കപ്പലിനു ദ്വാരമിടാനും, അതിന്റെ ആദർശം സ്വീകരിച്ചവരെ മുക്കികൊല്ലാനും രംഗത്തു വരുന്ന സർവ്വ കുതന്ത്രക്കാരുടെ കുതന്ത്രങ്ങളിൽനിന്നും, എല്ലാ വിധ ഫിത്നകളിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു.

[8] അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ അൻഫാൽ 25-ാം ആയത്തിന്റെ വ്യാഖ്യാനം